**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - **2014-15** വർഷത്തിൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നതിന് , ശുചിത്വ മിഷന്റെ സാങ്കേതിക അനുമതിയില്ലാതെ **0.5m3** ശേഷിയുള്ള **60** ബയോ ഗ്യാസ് പ്ലാന്റുകൾ **8500/-** രൂപ നിരക്കിൽ സ്ഥാപിച്ചു നൽകിയ കുറ്റിക്കോൽ ഗ്രാമ പഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ)നം. 2658 /2017/തസ്വഭവ     തിരുവനന്തപുരം, തീയതി 01.08.2017

---

പരാമർശം- 1.കുറ്റിക്കോൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 10.06.2016 ലെ B2-3644/13(1) നമ്പർ കത്ത്

2. പഞ്ചായത്ത് ഡയറക്ടറുടെ 05.09.2016 ലെ J5-26712/2016 നമ്പർ കത്ത്

3.ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 25.01.2017 ലെ 1005/C1/2013/SM നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കുറ്റിക്കോൽ ഗ്രാമ പഞ്ചായത്തിന്റെ **2014-2015** വാർഷിക പദ്ധതിയിൽ **118** ഗുണഭോക്താക്കൾക്ക് ബയോഗ്യാസ് പ്ലാന്റുകൾ വിതരണം ചെയ്യുന്നതിനായി **10,03,000/-** (പത്തു ലക്ഷത്തി മൂവായിരം) രൂപ വകയിരുത്തിയിരുന്നതായും പദ്ധതി പൂർത്തീകരിക്കാതിരുന്നതിനാൽ **2015-2016** വാർഷിക പദ്ധതിയിൽ **748000/-** (ഏഴു ലക്ഷത്തി നാല്പത്തിയെണ്ണായിരം ) രൂപ വകയിരുത്തി സ്പിൽ ഓവർ പ്രോജക്റ്റ് തയാറാക്കി സാങ്കേതിക അനുമതിക്കായി ശുചിത്വ മിഷനിൽ സമർപ്പിച്ചിരുന്നതായും പ്രോജക്ടിന് ശുചിത്വ മിഷൻ സാങ്കേതിക അനുമതി ലഭ്യമാകുമെന്ന പ്രതീക്ഷയിൽ **60** ഗുണഭോക്താക്കൾക്ക് റെയ്ഡ്കോ എന്ന സ്ഥാപനം മുഖേന ബയോഗ്യാസ് പ്ലാന്റുകൾ വിതരണം ചെയ്തുവെന്നും ഗ്രാമ പഞ്ചായത്തിന്റെ പ്രസ്തുത നടപടിക്ക് സർക്കാർ സാധൂകരണം നൽകണമെന്നും ആവശ്യപ്പെട്ട് കൊണ്ട് പരാമർശം **1** പ്രകാരം കുറ്റിക്കോൽ ഗ്രാമ പഞ്ചായത്ത് സമർപ്പിച്ച അപേക്ഷ തുടർനടപടികൾക്കായി പരാമർശം **2** പ്രകരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിരുന്നു.

കുറ്റിക്കോൽ ഗ്രാമ പഞ്ചായത്തിന് **2013-14** വർഷത്തിൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നതിന് **118** ബയോ ഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കുന്നതിന് **10,03,000/-** (പത്തു ലക്ഷത്തി മൂവായിരം ) രൂപ അടങ്കൽ വരുന്ന പദ്ധതിയ്ക്ക് സാങ്കേതിക അനുമതി നൽകിയെന്നും ആയതിന്റെ നടത്തിപ്പിന് ഒന്നാം ഗഡുവായി **2,55,000/-** (രണ്ടു

ലക്ഷത്തി അൻപത്തി അയ്യായിരം) രൂപ അനുവദിച്ചുവെന്നും എന്നാൽ 2014-15 വർഷം ശുചിത്വ മിഷന്റെ സാങ്കേതിക അനുമതി ലഭ്യമാകാതെ 0.5m3 ശേഷിയുള്ള 8500/- രൂപ നിരക്കിലുള്ള ബയോഗ്യാസ് പ്ലാന്റുകൾ 60 ഗുണഭോക്താക്കൾക്ക് റെയ്ഡ്കോ എന്ന സ്ഥാപനം മുഖേന പഞ്ചായത്ത് സ്ഥാപിച്ചു നൽകിയെന്നും, സാങ്കേതിക അനുമതി ലഭിക്കും എന്ന് പ്രതീക്ഷിച്ചാണ് പദ്ധതി നടപ്പിലാക്കിയത് എന്ന് പഞ്ചായത്ത് അറിയിച്ച സാഹചര്യത്തിൽ ജനോപകാര പ്രദമായി 60 ബയോ ഗ്യാസ് പ്ലാന്റുകൾ 8500/- രൂപ നിരക്കിൽ സ്ഥാപിച്ചു നൽകിയ കുറ്റിക്കോൽ ഗ്രാമ പഞ്ചായത്തിന്റെ നടപടി സാധൂകരിക്കാവുന്നതാണ് എന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം 3 പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജനോപകാരപ്രദമായി നടപ്പിലാക്കിയ പദ്ധതി ആയതിനാലും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിലും 2014-15 വർഷത്തിൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നതിന് ശുചിത്വ മിഷന്റെ സാങ്കേതിക അനുമതിയില്ലാതെ 0.5m3 ശേഷിയുള്ള 60 ബയോ ഗ്യാസ് പ്ലാന്റുകൾ 8500/- രൂപ നിരക്കിൽ റെയ്ഡ്കോ മുഖേന സ്ഥാപിച്ചു നൽകിയ കുറ്റിക്കോൽ ഗ്രാമ പഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

മിനിമോൾ .ഡി
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രസിഡന്റ്/ സെക്രട്ടറി, കുറ്റിക്കോൽ ഗ്രാമ പഞ്ചായത്ത്, കുറ്റിക്കോൽ (പി ഒ), കാസർഗോഡ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ